"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - സിവിൽ സർവ്വീസ് പരീക്ഷക്ക് തയ്യാറെടുക്കുന്ന സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഉദ്യോഗാർത്ഥികൾക്ക് പുസ്തകങ്ങൾ ലഭ്യമാക്കുന്ന "ലോൺ എ ബുക്ക് " പദ്ധതി നടപ്പിലാക്കുന്നതിന് കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഇ) വകുപ്പ്**

സ.ഉ.(സാധാ) നം.538/2025/LSGD    തീയതി,തിരുവനന്തപുരം, 24-02-2025

---

പരാമർശം:-

1. കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 24.08.2024 തീയതിയിലെ 1(3)-ാം നമ്പർ തീരുമാനം
2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ ഓർഡിനേഷൻ കമ്മിറ്റിയുടെ 30.01.2025 ലെ 4.78-ാം നമ്പർ തീരുമാനം

**<u>ഉത്തരവ്</u>**

UPSC നടത്തുന്ന സിവിൽ സർവ്വീസ് പരീക്ഷക്ക് തയ്യാറെടുക്കുന്ന സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഉദ്യോഗാർത്ഥികൾക്ക്, കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാദമി നിർദ്ദേശിക്കുന്ന ജനറൽ സ്റ്റഡീസ്, ഓപ്ഷണൽ പേപ്പറുകൾക്കുള്ള പുസ്തകങ്ങൾ എന്നിവ പഠനത്തിന്റെ ആവശ്യം കഴിഞ്ഞ് ബ്ലോക്ക് പഞ്ചായത്തിന് തിരികെ നൽകണം എന്ന വ്യവസ്ഥയിൽ, രണ്ട് മൂന്ന് വർഷത്തേക്ക്  ലഭ്യമാക്കുന്ന പദ്ധതിക്ക് അംഗീകാരം നൽകണമെന്ന് കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി അപേക്ഷിച്ചിരുന്നു.

30.01.2025 ൽ കൂടിയ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ ഓർഡിനേഷൻ കമ്മിറ്റി ഇക്കാര്യം വിശദമായി പരിശോധിച്ചു. UPSC നടത്തുന്ന സിവിൽ സർവ്വീസ് പരീക്ഷക്ക് തയ്യാറെടുക്കുന്ന സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഉദ്യോഗാർത്ഥികൾക്ക് കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാദമി നിർദ്ദേശിക്കുന്ന പുസ്തകങ്ങൾ ലഭ്യമാക്കുന്ന "ലോൺ എ ബുക്ക് " പദ്ധതി, ഇപ്രകാരം വാങ്ങുന്ന പുസ്തകങ്ങൾ ഏറ്റവും അനുയോജ്യമായ ലൈബ്രറിക്ക് കൈമാറിക്കൊണ്ട് നടപ്പാക്കണം എന്ന വ്യവസ്ഥയിൽ നടപ്പിലാക്കുന്നതിന് കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
സെക്രട്ടറി, കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്ത്, പാലക്കാട്
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ
തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by

Sheeba. S. C

Date: 27-02-2025 09:54:51

സെക്ഷൻ ഓഫീസർ